പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2794 27.01.2014 ലെ മറുപടിക്ക്

**ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ സ്വയംപര്യാപ്തഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഞായലിൽ കോളനിയിൽ സ്വയംപര്യാപ്തഗ്രാമം പദ്ധതി യിലുൾപ്പെടുത്തി നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ ; | (എ) | ഞായലിൽ കോളനിയിലെ റോഡ് കോൺക്രീറ്റ്, റീടെയിനിംഗ് വാൾ, കൾവർട്ട് എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണു തീരുമാനിച്ചിട്ടുള്ളത്; | (ബി) | 2014 മാർച്ച്-നകം പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ആകെ എന്തു തുകയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഞായലിൽ കോളനിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) | ആകെ ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തി യിട്ടുള്ളത്. |
| (ഡി) | കരാറുകാരന് ഇതുവരെ എന്തു തുക കൈമാറിയിട്ടുണ്ടെന്നും, ഇനി ഏതെല്ലാം പണികളാണ് അവശേഷിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ഡി) | ആദ്യ ഗഡുവായി 25 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയ്ക്ക് കൈമാറി യിട്ടുണ്ട്. വാട്ടർ സപ്ലൈ, ലൈബ്രറി നിർമ്മാണം, വൈദ്യുതീകരണം, വീട് പുനരുദ്ധാരണം തുടങ്ങിയ പ്രവർത്ത നങ്ങൾ പൂർത്തിയാകാനുണ്ട്. |

സെക്ഷൻ ഓഫീസർ